# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **15-10-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് കെ.ഇ.എൽ യൂണിറ്റ് ലാഭകരമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ യൂണിറ്റ് കൂടുതൽ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>എടരിക്കോട് കെ ഇ എൽ യൂണിറ്റിലെ ഉല്പാദനമേഖലയുടെ ചെലവ് കുറയ്ക്കുന്നതിനായി ഉല്പന്നങ്ങളുടെ ഡിസൈൻ നവീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ പാനൽ നിർമ്മാതാക്കളെ കണ്ടെത്തിയും അവിദഗ്ധ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകിയും യൂണിറ്റിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. അനെർട്ട് മുഖേന ഒരു സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. ഇതിലൂടെ ലഭിക്കുന്ന അധിക വൈദ്യുതി കെ എസ് ഇ ബി യ്ക്ക് നൽകി യൂണിറ്റിന്റെ ചെലവ് കുറയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്. എടരിക്കോട് യൂണിറ്റിനെ വടക്കൻ കേരളത്തിലെ ട്രാൻസ്ഫോർ-മറുകളുടെ ഒരു റിപ്പയർ ഹബ് ആക്കി മാറ്റുവാനുള്ള ഒരു പദ്ധതിയും കമ്പനി വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) | സ്ഥാപനത്തിൽ ഉത്പാദിപ്പിക്കുന്ന പ്രൊഡക്ടുകൾ എന്തെല്ലാമാണെന്നും, ഒരു വർഷത്തിൽ എത്ര വീതം ഉല്പാദിപ്പിക്കുന്നുണ്ടെന്നതും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കെല്ലിന്റെ എടരിക്കോട് യൂണിറ്റിൽ കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ, ഫ്യൂസ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ മുതലായവയാണ് പ്രധാനമായും ഉല്പാദിപ്പിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിൽ 17 കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകളും 2180 ഫ്യൂസ് യൂണിറ്റുകളും 225 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകളും ഉല്പാദിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ